**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ശിവകുമാർ. എ യ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി BCCI ക്രിക്കറ്റ് മത്സരങ്ങൾ നിയന്ത്രിക്കുന്നതിന് അമ്പയറായി പ്രവർത്തിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ )നം.283/2017/തസ്വഭവ തീയതി,തിരുവനന്തപുരം, 01/02/2017

---

പരാമർശം : 1. ശ്രീ.ശിവകുമാർ.എ യുടെ 03.08.2016 ലെ അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2016 ലെ ഇ 5-32766/16 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ശിവകുമാർ.എ യ്ക്ക് BCCI ക്രിക്കറ്റ് മത്സരങ്ങൾ നിയന്ത്രിക്കുന്നതിന് അമ്പയറായി പ്രവർത്തിക്കുന്നതിന് യോഗ്യത ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ അമ്പയറായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഒരു സർക്കാർ ജീവനക്കാരന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ സാഹിത്യം, കല, ശാസ്ത്രം, എന്നിവയുടെ വല്ലപ്പോഴുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

3. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ. ശിവകുമാർ. എ യ്ക്ക് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം

വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിയ്ക്കാൻ പാടില്ലെന്നും ഒരു തുടർപ്രവർത്തനമായി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ BCCI ക്രിക്കറ്റ് മത്സരങ്ങൾ നിയന്ത്രിക്കുന്നതിന് അമ്പയറായി പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ. ശിവകുമാർ.എ, സീനിയർ ക്ലാർക്ക്, മാറാക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് (02.12.2016 ലെ 8069/ബി2/2016/ഉഭപവ നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിഎ 1/955729/2016/തസ്വഭവ നമ്പർ ഫയൽ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ